# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1366** | **20.01.2014 ൽ മറുപടിക്ക്**

## കടന്നമണ്ണ, പടപ്പറമ്പ് എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) | |
| (എ) | മങ്കട പഞ്ചായത്തിലെ കടന്നമണ്ണയിലും കുറുവ ഗ്രാമപഞ്ചായത്തിലെ പടപ്പറമ്പിലും മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) യും (സി) യും | മങ്കട പഞ്ചായത്തിൽ മങ്കടയിൽ ഒരു മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ രണ്ടാമതൊരു മാവേലി സ്റ്റോർ ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ പാലക്കാട് റീജിയണൽ മാനേജരിൽ നിന്നും സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ കടുത്ത അഭാവം നിലനിൽക്കുന്നതിനാൽ ഈ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. നിലവിൽ മാവേലി സ്റ്റോർ ഇല്ലാത്ത കുറുവ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്. ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നുണ്ടെങ്കിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | | |

Beena

സെക്ഷൻ ഓഫീസർ